12/07/2025

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. KS Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/07/2025

1. കല്ലമ്പലം ഒറ്റൂർ കൃഷിഭവൻ, പഞ്ചായത്ത്, ഒറ്റൂർ സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഞാറ്റുവേല ചന്തയും കർഷക സഭയും നടന്നു. ജില്ലാ പഞ്ചായത്ത് അംഗം ഗീതാ നസീർ ഞാറ്റുവേല ചന്ത ഉദ്ഘാടനം ചെയ്തു. കർഷകർക്ക് സൗജന്യമായി വിത്തും പച്ചക്കറി തൈകളും വിതരണം ചെയ്തു.

2. നാളികേര വികസന ബോർഡ് നടപ്പാക്കുന്ന സുസ്ഥിര ഉൽപ്പാദനക്ഷമത വർധനയ്ക്കുള്ള സമഗ്ര കേരവികസന പദ്ധതിയിലേക്ക് കേര കർഷക കൂട്ടായ്മകൾക്ക് നേരിട്ടോ കൃഷിഭവനുകൾ ഏജൻസികളായോ അപേക്ഷിക്കാം. അവസാന തീയതി ജൂലായ് 16ന് വൈകിട്ട് അഞ്ചുവ 5 മണി വരെ. വിവരങ്ങൾക്ക്: https://coconutboard.gov.in/docs/piccsker.pdf ഫോൺ: 0484 2376265, 2377267.

3. ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷ ക്ഷണിച്ചു. അതത് പ്രദേശങ്ങളിൽ ജൈവവൈവിധ്യം നിലനിർത്തുന്നതിന് വിവിധ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ച് പരിപാലിക്കുന്നവർക്കും കാവുകൾ, കണ്ടൽക്കാടുകൾ, ഔഷധ സസ്യങ്ങൾ, കൃഷി തുടങ്ങിയ ജൈവവൈവിധ്യ രംഗങ്ങളിൽ മികച്ച സംഭാവനകൾ നൽകിയവർക്കുമാണ് 25,000 രൂപയും ഫലകവുമടങ്ങിയ അവാർഡ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സമ്മാനിക്കുക. വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കൃഷിക്കാർ എന്നിവർക്ക് അപേക്ഷിക്കാം. അവാർഡിനുള്ള അർഹത സാധൂകരിക്കുന്ന കുറിപ്പും വിശദവിവരങ്ങളും ഫോട്ടോയും സഹിതം കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി വിഭാഗം അസി. ഫോറസ്റ്റ് കൺസർവേറ്റർ (വനശ്രീ), അരക്കിണർ പി.ഒ, മാത്തോട്ടം എന്ന വിലാസത്തിൽ ആഗസ്റ്റ് 11ന് വൈകീട്ട് അഞ്ചിനകം സമർപ്പിക്കണം. ഫോൺ: 0495 2416900.

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി) -ൽ പോളിമർ ടെക്നോളജി (ഡിപ്ലോമ) ട്രെയിനികളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി 2025 ജൂലൈ 9ന് നടത്താനിരുന്ന എഴുത്തുപരീക്ഷയും അഭിമുഖവും 2025 ജൂലൈ 15 (ചൊവ്വാഴ്ച) ലേക്ക് മാറ്റിവെച്ചിരിക്കുന്നു അഭിമുഖത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽരേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികളും സഹിതം 2025 ജൂലൈ 15-ാം തീയതി രാവിലെ 10.00 മണിക്ക് എൻ.ഐ.ആർ.ടി, റബ്ബർ ബോർഡ് പി.ഒ, കോട്ടയം- 686009 ൽ ഹാജരാകണം. I കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

5. ഫിഷറീസ് വകുപ്പ് സാഫ് മുഖേന മത്സ്യതൊഴിലാളി വനിതകൾ അടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) കളിൽ നിന്നും പലിശരഹിത വായ്പ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മത്സ്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരും എഫ്.എഫ്.ആറിൽ ഉൾപ്പെട്ടവരുമാകണം. മത്സ്യകച്ചവടം ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മുൻഗണന. പീലിംഗ്, മത്സ്യം ഉണക്കൽ, സംസ്കരണം എന്നീ തൊഴിലിൽ ഏർപ്പെട്ടവർക്കും അപേക്ഷിക്കാം. ഒന്നാംഘട്ടമായി ഒരംഗത്തിന് 10,000 രൂപയും ഗ്രൂപ്പിന് 50,000 രൂപയുമാണ് പലിശ രഹിത വായ്പയായി അനുവദിക്കുന്നത്. ജില്ലയിലെ മത്സ്യഭവനുകൾ, ശക്തികുളങ്ങര സാഫ് നോഡൽ ഓഫീസ്, www.safkerala.org യിൽ അപേക്ഷ ലഭിക്കും. അവസാന തീയതി ജൂലൈ 21. : 9495681198, 8547783211.

6. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 20025 – 2026 ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നു. പുൽകൃഷി വികസനം, മിൽക്ക്ഷെഡ് വികസനം, ഡയറി ഫാം ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം. ksheerasree. Kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 20.

7. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ എല്ലാ അംഗങ്ങളും തങ്ങളുടെ വ്യക്തിഗത വിവരങ്ങൾ എ.ഐ.ഐ.എസ് സോഫ്റ്റ് വെയറിൽ അപ്ഡേഷൻ നടത്തി ഏകീകൃത തിരിച്ചറിയൽ കാർഡ് കൈപ്പറ്റണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇതിനായി അംഗങ്ങൾ ആധാർ, ഉപയോഗത്തിലിരിക്കുന്ന ബാങ്ക് പാസ് ബുക്ക് എന്നിവയുടെ കോപ്പി, വയസ് തെളിയിക്കുന്നതിനുള്ള രേഖ, ഒരു ഫോട്ടോ, ഫോൺ നമ്പർ എന്നിവ സഹിതം അടുത്തുള്ള അക്ഷയ സെന്ററിനെനെ സമീപിക്കണം. കൂടാതെ തടിയമ്പാടുള്ള ജില്ലാ ഓഫീസിലും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം. ഏകീകൃത തിരിച്ചറിയൽ കാർഡിനായുള്ള തുകയായ 25 രൂപയും കരുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 04862 235732.

<u>**പരിശീലന പരിപാടി**</u>

8. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 23/07/2025 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആട് വളർത്തൽ പരിശീലന പരിപാടികൾ നടത്തപ്പെടുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 9495026103 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ (രാവിലെ 10.15 മുതൽ വൈകിട്ട് 5.15 വരെ) വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി 21/07/2025. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.
9. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി) വെച്ച് 2025 ജൂലൈ 16 മുതൽ 18 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടാം

10. **കാർഷിക നിർദേശം**

കുരുമുളക് - ദ്രുതവാട്ടം

കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി 2 കിലോ ട്രൈക്കോഡെർമ 90 കിലോ ചാണക പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേയ്ക്ക് വയ്ക്കുക. ഓരോ കുരുമുളക് ചെടിയുടെ ചുവട്ടിലും ഈ മിശ്രിതം 2.5 കിലോ വീതം ഇട്ടു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം